അനാഥശാലകൾ

48 [2175] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അനാഥശാലകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും ഓരോ സ്ഥാപനത്തിലും എത്ര അന്തേവാസികൾവീതം ഉണ്ടെന്നും വ്യക്തമാക്കാമോ;

(സി) എല്ലാ അന്തേവാസികൾക്കും ഗ്രാന്റ് നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകിയിട്ടുള്ള 664 അനാഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു:

ജില്ല		*തുക*
തിരുവനന്തപുരം	..	32
കൊല്ലം	..	32
പത്തനംതിട്ട	..	16
ആലപ്പുഴ	..	30
കോട്ടയം	..	76
ഇടുക്കി	..	32
എറണാകുളം	..	85
തൃശ്ശൂർ	..	76
പാലക്കാട്	..	41
മലപ്പുറം	..	65
കോഴിക്കോട്	..	66
വയനാട്	..	24
കണ്ണൂർ	..	68
കാസർകോട്	..	21
ആകെ	..	664

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകിയിട്ടുള്ള സ്ഥാപനങ്ങൾക്ക് സാമൂഹ്യക്ഷേമ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഗ്രാന്റ് നൽകി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly